## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5848.** **02.07.2019 ൽ മറുപടിയ്ക്ക്**

**ബാർ ഹോട്ടലുകൾക്ക് വിദേശ മദ്യം വാങ്ങുന്നതിന് ലൈസൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.സണ്ണി ജോസഫ് | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ഫോർ സ്റ്റാർ, ഫൈവ് സ്റ്റാർ ബാർഹോട്ടലുകൾക്ക് കസ്റ്റം ബോണ്ടഡ് വെയർഹൗസുകളിൽ നിന്നും വിദേശ നിർമ്മിത മദ്യം നേരിട്ട് വാങ്ങുന്നതിന് ലൈസൻസ് പുന:സ്ഥാപിച്ച് നൽകിയിട്ടുണ്ടോ; | (എ) | ഫോർ സ്റ്റാർ, ഫൈവ് സ്റ്റാർ ബാർഹോട്ടലുകൾക്ക് കസ്റ്റംസ് ബോണ്ടഡ് വെയർഹൗസുകളിൽ നിന്നും വിദേശ നിർമ്മിത മദ്യം നേരിട്ട് വാങ്ങുന്നതിന് നിശ്ചിത വാർഷിക ഫീസ് അടയ്ക്കുന്നതിന് വിധേയമായി അനുമതി നൽകുവാൻ നിയമത്തിൽ വ്യവസ്ഥയുണ്ട്. വിദേശമദ്യ ചട്ടത്തിലെ ഈ വ്യവസ്ഥ റദ്ദാക്കിയിരുന്നില്ല. |
| (ബി) | ബിവറേജസ് കോർപ്പറേഷൻ വില്പനശാല വഴി എഫ്.എം.എഫ്.എൽ വിറ്റഴിക്കുവാനുള്ള തീരുമാനം ഏത് സാഹചര്യത്തിലാണ് മാറ്റിയതെന്ന് അറിയിക്കുമോ? | (ബി) | ബിവറേജസ് കോർപ്പറേഷൻ വില്പനശാല വഴി എഫ്.എം.എഫ്.എൽ വിറ്റഴിക്കുവാനുള്ള തീരുമാനം മാറ്റിയിട്ടില്ല. ബിവറേജസ് കോർപ്പറേഷൻ വില്പനശാലകൾ വഴി വിദേശ നിർമ്മിത വിദേശ മദ്യം നിലവിൽ വിറ്റുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ